# Athmaraksha.org

മറ്റു ലേഖനങ്ങൾ

## ബിസ്സിനസ്സല്ല, വിശ്വാസജീവിതം തന്നെ പ്രധാനം : ധീരമായി ഹോബി ലോബി




മക്അലൻ, ടെക്സസ് : വിശ്വാസവും ബിസിനസ്സും ഒരുമിച്ച് കൊണ്ടുപോകാൻ സാധിക്കാതെ വരുമ്പോൾ എന്തു ചെയ്യണം ? സ്വവർഗവിവാഹത്തിന് നിയമപരമായ അധികാരം നൽകിക്കൊണ്ട് സുപ്രീം കോടതി വിധി വന്നിരിക്കുന്ന സാഹചര്യത്തിൽ ഈ ചോദ്യം പല സ്ഥാപനങ്ങൾക്കും പ്രസക്തമാണ്. അമേരിക്കയിലെ നാൽപത്തിയൊന്നു സംസ്ഥാനങ്ങളിൽ 500 ഓളം സ്റ്റോറുകളുള്ള ഹോബി ലോബി ബിസിനസ്സ് രണ്ടു വർഷം മുമ്പ് ഈ പ്രതിസന്ധി നേരിട്ടിരുന്നു. ഗർഭനിരോധന ഉപാധികൾ ജനങ്ങളിലെത്തിക്കുന്നതിനായി പങ്കുചേരേണ്ട അവസ്ഥ വന്നപ്പോഴായിരുന്നു അത്. മില്യൺസ് ഓഫ് ഡോളേഴ്സ് വരുമാനവും ആയിരക്കണക്കിന് ജോലിക്കാർക്ക് ജീവിതമാർഗ്ഗവും നൽകിവരുന്ന ഈ വലിയ ബിസിനസ്സ് സ്ഥാപനത്തിന്റെ നിലപാടുകൾ അന്ന് വലിയ ചർച്ചയായിരുന്നു. ഗവൺമെന്റ് നിയമങ്ങൾ തങ്ങളുടെ ക്രിസ്തീയ വിശ്വാസം ജീവിക്കുവാൻ സഹായകമല്ല എന്ന തിരിച്ചറിവിൽ നിന്ന് കമ്പനിയുടെ സി.ഇ.ഒ. അമേരിക്കൻ ബിസിനസ്സ് സാമ്രാജ്യത്തെ പിടിച്ചുലച്ച ഒരു പ്രസ്താവനയുമായി രംഗത്തെത്തി. വിശ്വാസമനുസരിച്ച് ബിസിനസ്സ് ചെയ്യാൻ സാധിച്ചില്ലെങ്കിൽ എല്ലാ സ്റ്റോറുകളും അടച്ചുപൂട്ടുക മാത്രമേ രക്ഷയുള്ളു എന്നായിരുന്നു കത്തിന്റെ ഉള്ളടക്കം, മില്യൺസ് ഓഫ് ഡോളേഴ്സ് തങ്ങൾക്കൊന്നുമല്ലെന്നും ദൈവത്തെ മറന്ന് സാമ്പത്തിക സാമ്രാജ്യം കെട്ടിയുയർത്താൻ തങ്ങൾ തയ്യാറല്ലെന്നുമായിരുന്നു കമ്പനിയുടെ തീരുമാനം. ഹോബി ലോബി സി.ഇ.ഒ. ഡേവിഡ് ഗ്രീനിന്റെ വാക്കുകൾ ഇങ്ങനെ.

'നാൽപതു വർഷങ്ങൾക്ക് മുമ്പ് ഞങ്ങൾ ഈ ബിസിനസ്സ് ആരംഭിക്കുമ്പോൾ അത് 600 ഡോളർ ബാങ്ക് ലോണിന്റെ പുറത്ത് ഒന്നുമില്ലായ്മയിൽ നിന്നായിരുന്നു. ആദ്യത്തെ റിട്ടെയ്ൽ സ്റ്റോറിന് നിങ്ങളുടെ വീട്ടിലെ ഒരു മുറിയുടെ വലിപ്പമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ദൈവത്തിന്റെ വചനം അനുസരിച്ച് ജീവിച്ചതുകൊണ്ടും സത്യത്തിന് കൂട്ടുനിന്നതുകൊണ്ടുമാണ് ഇന്ന് അമേരിക്കയിൽ അറിയപ്പെടുന്ന ബിസിനസ്സ് ആയി അതു വളർന്നത്. ആർട്സ് ആന്റ് ക്രാഫ്റ്റ്സ് വിൽക്കുന്ന അമേരിക്കയിലെ ഏറ്റവും വലിയ കമ്പനിയാണ് ഇന്നിത്. ഒരു കുടുംബമായി ഞാനും മക്കളും ചേർന്ന് ഇന്ന് ഈ ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്നു. ഞങ്ങളുടെ ബിസിനസ്സ് രണ്ടു തത്വങ്ങളുണ്ടായിരുന്നു. ഒന്ന്:ദൈവിക നിയമങ്ങളനുസരിച്ച് ബിസിനസ്സ് നടത്തുക, രണ്ട്:പണത്തേക്കാൾ ജനങ്ങൾക്ക് പ്രാധാന്യം നല്കുക. ഇന്നുവരെ ഈ തത്വത്തിന് മാറ്റം വരുത്തിയിട്ടില്ല. എല്ലാ ദിവസവും ഏറെ രാത്രിയാകുന്നതിനുമുമ്പേ ഞങ്ങൾ ഷോപ്പുകൾ അടയ്ക്കും. കാരണം ജനങ്ങൾ കുടുംബത്തോടൊപ്പം പ്രാർത്ഥന ചൊല്ലണമെന്ന്

ഞങ്ങൾ ആഗ്രഹിക്കുന്നു. ഞായറാഴ്ചകളിൽ, അമേരിക്കയിൽ വൻ ബിസിനസ്സ് നടക്കുന്ന ആ ദിവസം. ജനങ്ങൾ ഷോപ്പുകൾക്ക് അവധി നൽകിയിരിക്കുകയായിരുന്നു. ജോലിക്കാരെ മാനിച്ചും ജനങ്ങളെ കരുതിയും.

ഹോബി ലോബി വളർന്നതിനു പിന്നിൽ ദൈവത്തിന്റെ കരമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇവിടെ ജോലിക്കാർ എന്നും ആത്മാർത്ഥതയുള്ളവരായിരുന്നു. രാജ്യം അനുശാസിക്കുന്നതിനേക്കാൾ 80% അധികം വേതനം ഞങ്ങളുടെ സ്ഥിരജോലിക്കാർക്ക് ഞങ്ങൾ നല്കിയിരുന്നു. ഗവൺമെന്റ് നിയമനങ്ങൾ ഞങ്ങളുടെ വിശ്വാസം അനുസരിച്ച് ബിസിനസ്സ് നടത്താൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. ഹെൽത്ത് ഇൻഷ്വറൻസിന്റെ ഭാഗമായി ഗർഭനിരോധന ഉപാധികൾ നൽകാതിരുന്നതിന് മാത്രം 1.3 മില്യൺ ഡോളറാണ് ഓരോ ദിവസവും പിഴയായി അടയ്ക്കേണ്ടി വരുന്നത്. വിശ്വാസം അനുസരിച്ച് ജീവിക്കാനായി ആ പിഴ ഞങ്ങൾ അടച്ചിരുന്നു. കോടതിയിൽ കേസിനിരിക്കുന്ന ഈ വ്യവഹാരത്തിൽ കമ്പനിക്കനുകൂലമായ വിധിയുകുമെന്നാണ് ഞങ്ങൾ കരുതുന്നത്. മറിച്ചായാൽ ബിസിനസ്സ് ഉപേക്ഷിച്ച് വിശ്വാസം സംരക്ഷിക്കാനാണ് ഞങ്ങളുടെ തീരുമാനം. ഹോബി ലോബി ഈ തീരുമാനം എടുക്കാൻ നിർബന്ധിക്കപ്പെടുകയാണ്. മതവിശ്വാസത്തിലും ധാർമ്മികതയിലും വെള്ളം ചേർത്ത് ബിസിനസ്സ് നിലനിർത്തുന്നതിനേക്കാൾ ജനങ്ങളെ കൂടുതൽ വിലയുള്ളവരായി കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവരുടെ ആത്മനാശത്തിന് കാരണമാകുന്നത് ഹോബി ലോബിയ്ക്ക് നൽകാനാവില്ല.

അനേകർക്ക് ജീവിതമാർഗം നൽകി ഈ ബിസിനസ്സ് വളർത്തണമെന്നാണ് ഇപ്പോഴും എന്റെ ആഗ്രഹം. എന്നാൽ അത് ഈ ഗവൺമെന്റ് നിയമങ്ങൾക്കും സുപ്രീം കോടതിയ്ക്കും കീഴിൽ എത്രയധികം ഫലവത്താകുമെന്ന് അറിയില്ല. ധാർമ്മികതയ്ക്കു വിരുദ്ധമായ നിയമം നിർമ്മിച്ച് മതവിശ്വാസത്തെ അതിനായി ബലികൊടുക്കാൻ ഗവൺമെന്റ് ഞങ്ങളെ നിർബന്ധിക്കുന്നു. അതിന് നിന്നുകൊടുക്കുന്നതിനേക്കാൾ ബിസിനസ്സ് അടച്ചുപൂട്ടാനാണ് ഹോബി ലോബി തീരുമാനം. എല്ലാവരും ബിസിനസ്സ് സംരംഭത്തിനും അതിനെ ആശ്രയിച്ചു കഴിയുന്ന അനേകായിരങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കണം.

വിശ്വസ്തതയോടെ,
ഡേവിഡ് ഗ്രീൻ'
സി.ഇ.ഒ. ആന്റ് ഫൗണ്ടർ ഓഫ് ഹോബി ലോബി സ്റ്റോഴ്സ്

ഹോബി ലോബി കേസിൽ സ്ഥാപനത്തിനനുകൂലമായി വിധിയുണ്ടായതിനാൽ വിശ്വാസം സംരക്ഷിക്കുവാൻ അവർക്ക് സാധിച്ചു. മുന്നോട്ടുള്ള കാലഘട്ടത്തിൽ സ്വവർഗവിവാഹം നിയമപരമായ രാജ്യത്ത് വിശ്വാസം സംരക്ഷിക്കുവാൻ ത്യാഗങ്ങൾ നടത്തേണ്ടി വരുമ്പോൾ ഹോബി ലോബിയുടെ ഈ നിലപാടുകൾ ആർക്കും പ്രചോദനമാകും. പണമോ, സ്വസ്ഥതയോ വാഗ്ദാനം ചെയ്യപ്പെടുമ്പോൾ ദൈവീക നിയമങ്ങളെ മറക്കാനാണല്ലോ സമ്പത്തിനെ മാത്രം സ്നേഹിക്കുന്ന പലർക്കും ഇഷ്ടം.